# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 329      19/02/2013 ൽ മറുപടിക്ക്

## പി.എസ്.സി. നിയമന ശുപാർശകൾ

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. പി.റ്റി.എ. റഹീം<br>ശ്രീ. കെ.ദാസൻ<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) നിയമന ശുപാർശകൾ നൽകുന്ന നടപടിക്രമങ്ങളിൽ പി.എസ്.സി. എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) നിയമന ശിപാർശകൾ നൽകുന്ന നടപടിക്രമങ്ങളിൽ പി.എസ്.സി. മാറ്റമൊന്നും വരുത്തിയിട്ടില്ല. |
| (ബി) ഒഴിവുകൾ യഥാസമയം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്ത് ലഭിക്കുന്നുണ്ടോ ; ഇത് ഉറപ്പാക്കാനുള്ള സംവിധാനം എന്താണ് ; വ്യക്തമാക്കുമോ ; | (ബി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ടത് ബന്ധപ്പെട്ട വകുപ്പുകളാണ്. കൃത്യമായി ഒഴിവുകൾ റിപ്പോർട്ടു ചെയ്യുന്നുണ്ടോ എന്ന് ഉറപ്പാക്കാനുള്ള സംവിധാനം പി.എസ്.സി.യിൽ നിലവിലില്ല. ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ സർക്കാർ കാലാകാലങ്ങളിൽ വകുപ്പുമേധാവികൾക്ക് നിർദ്ദേശം നൽകാറുണ്ട്. 2012-13ലെ ലഭ്യമായ ഒഴിവുകളും, 2013 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.യെ അറിയിക്കാൻ സർക്കാർ എല്ലാ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) നിയമന ശുപാർശകൾ നല്കുന്നതിൽ പി.എസ്.സി.യിൽ ഇപ്പോൾ കാലതാമസം വരാനിടയായിട്ടുണ്ടോ ; | (സി) യും (ഡി)യും<br>ഒഴിവുകൾ ലഭിച്ചാൽ 15 ദിവസത്തിനകം നിയമന ശിപാർശ നല്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ വളരെ കുടുതൽ ഒഴിവുകൾ റിപ്പോർട്ടു ചെയ്യുമ്പോൾ ടി സമയക്രമം പാലിക്കാൻ കമ്മീഷന് കഴിയാതെ വരാറുണ്ട്. എങ്കിലും നിയമന ശിപാർശാ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കമ്മീഷൻ |

പരമാവധി ശ്രമിക്കുന്നുണ്ട്. ഉദ്യോഗാർത്ഥികളിൽ നിന്നുള്ള പരാതികൾ അതിന്റെ പ്രാധാന്യത്തോടെ പരിഗണിച്ച് കമ്മീഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) ഒഴിവുകളിൽ കൃത്യമായി ശുപാർശ നടത്തുന്നതിൽ പി.എസ്.സി. വീഴ്ചവരുത്തുന്നതുമൂലം ഉദ്യോഗാർത്ഥികൾ പ്രയാസം നേരിടുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ ?

**സെക്ഷൻ ഓഫീസർ**